കേരള കാർഷിക സർവ്വകലാശാല
ഇൻസ്ട്രക്ഷണൽ ഫാം
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി
തവനൂർ-679 573, മലപ്പുറം (ജില്ല), കേരളം
ഇ-മെയിൽ : farm.kcaet@kau.in, ഫോൺ: 0494-2686215

നമ്പർ: ഐ.എഫ്/81/2021 തിയതി: 13-02-2023

## ക്വട്ടേഷൻ നോട്ടീസ്

ഈ സ്ഥാപനത്തിലെ താഴെ കാണിച്ചിരിക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും നിശ്ചിത കാലത്തേക്ക് വിളവെടുക്കുന്നതിനു വേണ്ടി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ ലേലവും നടത്തുന്നതായിരിക്കും.

| വിളവെടുപ്പ് നടത്തേണ്ട ഫലവൃക്ഷങ്ങൾ | ഫലവൃക്ഷങ്ങളുടെ എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|
| മാവ് | 121 | 500 | ഫെബ്രുവരി 1 മുതൽ മെയ് 31 വരെയാണ് |
| കശുമാവ് | 41 | 500 | |

## സമയക്രമം

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 20.02.2023 രാവിലെ 10.30 വരെ |
| ലേലം വിളിക്കുന്ന സമയം, സ്ഥലം | 11 മണി (അന്നേ ദിവസം)<br>ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ |
| ക്വട്ടേഷൻ തുറക്കുന്ന സമയം | ലേലത്തിന് ശേഷം (തത്സമയം ഹാജരായവരുടെ സാന്നിധ്യത്തിൽ) |

### ക്വട്ടേഷൻ നിബന്ധനകൾ

1. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് "മാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി എഴുതി പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചയിച്ച നിരതദ്രവ്യം പണമായി കെട്ടി വെക്കേണ്ടതാണ്.
3. ക്വട്ടേഷൻ ലേലം മേൽ പറഞ്ഞ തിയതിയിൽ തത്സമയം ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ നിരക്ക് ക്വട്ടേഷനുകൾ ലേലത്തിൽ പിടിക്കുന്ന വ്യക്തിയുടെയോ പേരിൽ, നിരക്ക് തൃപ്തികരമെന്ന് തോന്നുന്ന പക്ഷം മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പിക്കുന്നതുമാണ്.
4. ക്വട്ടേഷനുകൾ ഉറപ്പിക്കാത്തവരുടെ നിരതദ്രവ്യം, അപ്പോൾ തന്നെ തിരിച്ചു നൽകുന്നതായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കപ്പെട്ടവരുടെ നിരതദ്രവ്യം സുരക്ഷിത നിക്ഷേപമാക്കി മാറ്റുന്നതാണ്.
5. ക്വട്ടേഷൻ/ലേലം സ്വീകരിച്ചു കഴിഞ്ഞാൽ, പ്രസ്തുത വ്യക്തി സുരക്ഷിത നിക്ഷപം കൂടാതെ മൊത്തം ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം ഉടൻ കെട്ടിവെക്കേണ്ടതും ബാക്കി തുക 3 ദിവസത്തിനകം അടക്കേണ്ടതും ആണ്.
6. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
7. ലേലത്തിൽ വെച്ചിരിക്കുന്ന മേൽപറഞ്ഞ ഇനം ഓഫീസ് സമയങ്ങളിൽ ഫാം ഓഫീസിൽ അനുവാദത്തോടു കൂടി പരിശോധിക്കാവുന്നതാണ്.

8. ക്വട്ടേഷൻ/ലേലം പ്രകാരം മേൽ ഇനങ്ങൾ അല്ലാതെ മറ്റ് വസ്തുക്കൾ കൊണ്ടു പോകുന്നത് കുറ്റകരമായിരിക്കും. ലേലം കൊണ്ട സാധനങ്ങൾ നീക്കം ചെയ്യുമ്പോൾ സ്ഥാപനത്തിലെ വസ്തുവകകൾക്ക് നഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിയിൽ നിന്നും തുല്യ തുക ഈടാക്കുന്നതായിരിക്കും.
9. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതായിരിക്കും.
10. നിശ്ചിത തിയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
11. സർക്കാർ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
12. സാധനങ്ങൾ മുഴുവനായും നീക്കം ചെയ്തതിനു ശേഷം മാത്രമേ ലേലം കൊണ്ട വ്യക്തിക്ക് സുരക്ഷിത നിക്ഷേപം തിരിച്ചു ലഭിക്കുകയുള്ളു.
13. ലേലം സംബന്ധിച്ചുള്ള പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാമിന്റെ തീരുമാനം അന്തിമമായിരിക്കും.
14. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്, അല്ലാത്തവ നിരസിക്കുന്നതാണ്.

ഒപ്പ്/-
ഡോ. അബ്ദുൽ ജബ്ബാർ പി .കെ
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്

1. പഞ്ചായത്ത് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
2. വില്ലേജ് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
3. കൃഷിഭവൻ (നോട്ടീസ് ബോർഡ്), തവനൂർ
4. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
5. നോട്ടീസ് ബോർഡ് (മെയിൻ ഗേറ്റ്)

പകർപ്പ്

1. ഫാം സൂപ്രണ്ട്
2. കെ.എ.യു, കെ.സി.എ.ഇ.ടി വെബ്സൈറ്റ്
3. കരുതൽശേഖരം